# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. റ്റി. 4663      27.6.2014 ല മറുപടിക്ക്

**<u>സ്വാതന്ത്ര്യ സമരസേനാനികളുടെ സ്മരണയ്ക്ക് സ്മാരകങ്ങൾ</u>**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | ശ്രീ. എം.എ. വാഹിദ് | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് മൺമറഞ്ഞ സ്വാതന്ത്ര്യ സമരസേനാനികളുടെ സ്മരണ നിലനിർത്തുന്നതിന് അതത് പ്രദേശങ്ങളിൽ സ്മാരകങ്ങൾ നിർമ്മിക്കുന്നതിനും വിവിധ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യ സമര സേനാനികളുടെ പേരുകൾ നാമകരണം ചെയ്യുന്നതിനും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; | (എ) | സ്വാതന്ത്ര്യ സമരസേനാനികളുടെ വാസസ്ഥലത്തോ, താമസസ്ഥലത്തോ ഉള്ള പൊതുസ്ഥലത്തിന് അല്ലെങ്കിൽ പൊതുറോഡിന് സ്വാതന്ത്ര്യ സമര സേനാനിയുടെ പേര് നൽകി ആദരിക്കേണ്ടതാണെന്നും, അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു കീഴിലുള്ള ലൈബ്രറി, കവല, ജലാശയം തുടങ്ങിയ പൊതുസ്ഥാപനങ്ങൾക്ക് തദ്ദേശവാസികളായ സ്വാതന്ത്ര്യ സമര സേനാനിയുടെ പേര് നൽകി അവരുടെ സ്മരണ നിലനിർത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും 11.11.2013 തീയതിയിലെ 63648/ഇ.എം. 1/2013/തസ്വഭവ നംപർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ? | (ബി) | പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**കേരള സർക്കാർ**

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

നം.63648/ഇ.എം.1/ 2013/തസ്വഭവ തിരുവനന്തപുരം, തീയതി: 11.11.2013

**സർക്കുലർ**

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ – സ്വാതന്ത്ര്യസമര സേനാനികളെ ആദരിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 20.01.2010 ലെ 402/ഇ.എം.1/ 2010/തസ്വഭവ നമ്പർ സർക്കുലർ.

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി ജീവത്യാഗം വരിക്കുവാൻ പോലും സന്നദ്ധരായിരുന്ന സ്വാതന്ത്ര്യസമര സേനാനികളെ ആദരിക്കുന്നതിനും, സമൂഹത്തിനാകെ മാതൃകയായ ഇത്തരം വ്യക്തികളുടെ മരണാന്തര ചടങ്ങുകളിൽ അതത് തദ്ദേശ സ്വയംഭരണ പ്രതിനിധികൾ പങ്കെടുത്ത് അവരെ ആദരിക്കുന്നതുമായി ബന്ധപ്പെട്ടും സൂചന പ്രകാരം ചില മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എങ്കിലും അവ പൂർണ്ണമായും പാലിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ സ്വാതന്ത്ര്യസമര സേനാനികളെ ആദരിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പ്രദേശവാസികളായ സ്വാതന്ത്ര്യസമര സേനാനികളെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ പൊതു പരിപാടികളിലും മറ്റ് ദേശീയോദ്ഗ്രഥനപരിപാടികളിലും പ്രത്യേക ക്ഷണിതാക്കളാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. പ്രദേശവാസികളായ സ്വാതന്ത്ര്യസമര സേനാനികൾ അന്തരിക്കുമ്പോൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ അവരുടെ വീട്ടിൽ സന്ദർശിക്കേണ്ടതും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ പ്രതിനിധീകരിച്ച് റീത്ത് സമർപ്പിക്കേണ്ടതുമാണ്.
3. സ്വാതന്ത്ര്യസമര സേനാനികളുടെ വാസസ്ഥലത്തോ, താമസസ്ഥലത്തോ ഉള്ള പൊതുസ്ഥലത്തിന്/പൊതു റോഡിന് സ്വാതന്ത്ര്യസമര സേനാനിയുടെ പേര് നൽകി ആദരിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.
4. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള ലൈബ്രറി, കവല, ജലാശയം തുടങ്ങിയ പൊതു സ്ഥാപനങ്ങൾക്ക് തദ്ദേശവാസികളായ സ്വാതന്ത്ര്യസമര സേനാനിയുടെ പേര് നൽകി അവരുടെ സ്മരണ നിലനിർത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധചെലുത്തേണ്ടതാണ്.
5. ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികളോ ജീവനക്കാരോ സ്വാതന്ത്ര്യസമര സേനാനികളോട് ഏതെങ്കിലും തരത്തിലുള്ള അനാദരവ് കാട്ടിയതായ ആക്ഷേപം ഉണ്ടാകുന്ന പക്ഷം ടി വിഷയം ബന്ധപ്പെട്ട അധികാരികൾ ഗൗരവമായി കണ്ട് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബദ്ധശ്രദ്ധരാകണമെന്ന് നിർദ്ദേശിക്കുന്നു.

ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ